TM243435J

26.11

Reg. No :..............................

Name :..............................

**MASTER'S DEGREE (C.S.S) EXAMINATION, NOVEMBER 2024**

**2023 ADMISSIONS REGULAR**

**SEMESTER III - CORE COURSE MALAYALAM**

**MA3C14M - Dhrishyakalasahithyam**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. പടയണിയുടെ പുരാവൃത്തപശ്ചാത്തലം പ്രതിപാദിക്കുക.
2. തെയ്യാനുഷ്ഠാനത്തിലെ വിവിധഘട്ടങ്ങൾ വിവരിക്കുക.
3. കാക്കാരിശ്ശിനാടകത്തിൽ പാട്ടുകാരനുള്ള സ്ഥാനം വിലയിരുത്തുക .
4. 'നരകത്തിൽ പോമെടാ മൂഢ
   നരകീടാ ഭവാനഷ്ടമത്തിൽ
   ശനിയോടാ ' - സന്ദർഭവും ആശയവും വ്യക്തമാക്കുക.
5. ഇളകിയാട്ടം, ചൊല്ലിയാട്ടം ഇവയെന്തെന്ന് വിശദീകരിക്കുക.
6. ആട്ടക്കഥാസാഹിത്യത്തിൽ ഇരയിമ്മൻതമ്പി, ഉണ്ണായിവാര്യർ എന്നിവരുടെ സംഭാവനകൾ വിവരിക്കുക.
7. ' ഇങ്ങനെ സംഗതി വന്നതു കൊണ്ടുട-
   നിങ്ങു വിഷാദിക്കേണ്ട' - സൂചനയെന്ത്? വക്താവാര്?
8. 'തൊണ്ടനാകുന്ന ദശകണ്ഠൻറെ വാക്കു കേട്ടു ചെണ്ടക്കാരനാം മുനി വീണ്ടുമരുൾ ചെയ്തു' - 'തൊണ്ടനാകുന്ന ദശകണ്ഠൻ' എന്ന കവിയുടെ പരിഹാസത്തിന് നിദാനമെന്ത്?
9. രാവണന് ബാലി നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം?
10. സ്വാതി തിരുനാളിൻറെ സാഹിത്യസംഭാവനകൾ വിലയിരുത്തുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. പടയണിയും മുടിയേറ്റും തമ്മിലുള്ള പുരാവൃത്തബന്ധം വിശദമാക്കുക.
12. പുരാവൃത്തങ്ങൾക്ക് തെയ്യാനുഷ്ഠാനത്തിലുള്ള സ്ഥാനം കടാങ്കോട്ട് മാക്കത്തോറ്റത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.
13. കാക്കാലനും പാട്ടുകാരനും തമ്മിലുള്ള സംഭാഷണത്തെപ്പറ്റി ഒരു കുറിപ്പ് എഴുതുക.
14. കഥകളിപ്പദങ്ങൾ എന്നാലെന്ത്? ശ്ലോകങ്ങളിൽ നിന്ന് ഇവ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ?
15. 'ബാലിവിജയ'ത്തിലെ ബാലിയെ അവതരിപ്പിക്കുന്നതിൽ നമ്പ്യാരുടെ വർണ്ണനാവൈഭവം ദൃശ്യമാകുന്നതെങ്ങനെ?
16. 'ബാലിവിജയ'ത്തിൻറെ കഥാഗതിയെ മുന്നോട്ടു നയിക്കുന്നതിൽ നാരദമഹർഷി വഹിച്ച പങ്ക് വ്യക്തമാക്കുക.
17. രാവണകൊട്ടാരത്തിൽ ബന്ധനസ്ഥനായ ദേവേന്ദ്രൻറെ കഷ്ടസ്ഥിതി നമ്പ്യാർ ചിത്രീകരിക്കുന്നതെങ്ങനെ ?
18. ഒപ്പനപ്പാട്ട് എന്ന കലാരൂപത്തെ സാമാന്യമായി പരിചയപ്പെടുത്തുക.

## Part C

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. അനുഷ്ഠാനകലാരൂപം എന്ന നിലയിൽ മുടിയേറ്റിൻ്റെ സവിശേഷതകൾ പരിശോധിച്ച് അതിൽ തെളിയുന്ന കാർഷികചിഹ്നങ്ങൾ ക്രോഡീകരിക്കുക.

20. 'അനുഷ്ഠാനേതരനാടകത്തിൻ്റെ എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്നതാണ് കാക്കാരിശ്ശിനാടകം '- ഈ അഭിപ്രായം വിശകലനം ചെയ്യുക.

21. 'ഭാവാവിഷ്കരണശ്രമങ്ങളായ പദങ്ങളുടെയും സന്ദർഭങ്ങളുടെയും ബഹുലതകൊണ്ടാണ് ഒരാട്ടക്കഥ അഭിനയയോഗ്യമായിത്തീരുന്നത് ' - ഈ അഭിപ്രായത്തിൻ്റെ സാധുത 'കല്യാണസൗഗന്ധിക'ത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

22. ലാസ്യനൃത്തം എന്ന നിലയിൽ മോഹിനിയാട്ടത്തിൻ്റെ വികാസവും അപചയവും പുനരുത്ഥാനവും നിരൂപിക്കുക.